

# കേരള ലേബർ മൂവ്മെന്റ്
# KLM

Official Organization of KCBC Commission for Labour


**State Office Address :**
Kerala Labour Movement
State Office, Workers Fecilitation Centre,
Santhinikethan Building, Palarivattom - 682 025
Ph : 9400059890

keralalabourmovement2010@gmail.com
https://keralalabour.org
Keralalabourmovementklm
Kerala Labour Movement KLM

## കേരള ലേബർ മൂവ്മെന്റ്
## തൊഴിലാളിയുടെ നവപ്രതീക്ഷ

സമകാലിക സാഹചര്യങ്ങളിൽ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളോടുള്ള സഭയുടെ ക്രിയാത്മക പ്രത്യുത്തരമാണ് കേരള ലേബർ മൂവ്മെന്റ്. കെ.സി.ബി.സി. ലേബർ കമ്മീഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം) പ്രവർത്തിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ ശക്തീകരണത്തിനാണ് കെ.എൽ.എം. പ്രാധാന്യം നൽകുന്നത്.

**സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനിലെ (WIF) ലെ അംഗസംഘടനയാണ് കെ.എൽ.എം. കെ.എൽ.എം ട്രേഡ് യൂണിയനോ രാഷ്ട്രീയ സംഘടനയോ അല്ല . വിവിധ രൂപതകളിൽ പ്രാദേശിക പ്രത്യേകത അനുസരിച്ചു നടത്തുന്ന തൊഴിലാളി പ്രവർത്തനങ്ങളെ സംസ്ഥാന – ദേശീയ തലങ്ങളിൽ ഏകോപിപ്പിക്കുന്ന പ്രസ്ഥാനമാണ് കെ.എൽ.എം.**

### ലക്ഷ്യം

തൊഴിലാളികളുടെ ആദ്ധ്യാത്മീകവും, സാംസ്കാരികവും സാമ്പത്തീകവും സാമൂഹികവും ആയ പുരോഗതിയ്ക്കുവേണ്ടിയും തൊഴിലാളികളുടെ കുടുംബത്തിന്റെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുക.

### പ്രവർത്തന മാർഗ്ഗരേഖകൾ:

- ക്രൈസ്തവാദർശങ്ങൾക്കും സഭാപ്രബോധനങ്ങൾക്കും അനുസൃതമായി തൊഴിൽ രംഗങ്ങളിൽ ക്രൈസ്തവ സാക്ഷ്യം നൽകുവാൻ തൊഴിലാളിയെ പ്രാപ്തനാക്കുക. ആദ്ധ്യാത്മീക നവീകരണ ശ്രമങ്ങളിലൂടെ ഓരോ അംഗത്തെയും യഥാർത്ഥക്രിസ്തു വാഹകനാക്കുകയും സഹപ്രവർത്തകരെ ക്രിസ്തുവിലേക്ക് വളർത്തുകയും ചെയ്യുക.
- തൊഴിലാളികൾക്കിടയിൽ ആദ്ധ്യാത്മീക നവോത്ഥാനം സാധിതമാക്കുക, വിശ്വാസ ജീവിതത്തിൽ നിലനിൽക്കാൻ അവരെ സഹായിക്കുക.
- നീതി നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളിലും മേഖലകളിലും നീതി പുനഃസ്ഥാപിക്കുന്നതിനായി യത്നിക്കുന്ന ക്രൈസ്തവ ധാർമ്മിക ശക്തിയായി രൂപപ്പെടുക.
- തൊഴിലിന്റെ മഹത്വം ഉയർത്തിക്കാട്ടി, ഉയർന്ന ഉല്പാദനക്ഷമത, തൊഴിലിനോടുള്ള ആഴമേറിയ പ്രതിബദ്ധത, മെച്ചപ്പെട്ട സാങ്കേതിക വൈദഗ്ദ്യം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായ ഒരു നവസംസ്കാരം തൊഴിൽ രംഗത്ത് വ്യാപിപ്പിക്കുക.
- ആഗോളീകരണം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ തൊഴിലാളി സമൂഹത്തെ ശക്തീകരിക്കുകയും, പ്രാപ്തരാക്കുകയും ചെയ്യുക.
- വിവരസാങ്കേതിക രംഗത്തെ വിസ്ഫോടനങ്ങൾക്കൊപ്പം, തൊഴിൽ

മേഖലയിൽ പ്രത്യക്ഷമാകുന്ന നവീനതയും, പുതിയ രീതികളും, തൊഴിലാളികൾക്ക് യഥാസമയം കൈമാറുക.

- വൈജ്ഞാനീക മേഖലയിലെ പുതിയ സങ്കേതങ്ങളുടെ പ്രായോജകരും പ്രയോക്താക്കളുമായി തൊഴിലാളി സമൂഹത്തെ രൂപപ്പെടുത്തുക.
- സമൂഹത്തിലും, തൊഴിൽ മണ്ഡലങ്ങളിലും നേതൃത്വം നൽകാൻ കഴിയുന്നവിധം പ്രാഗത്ഭ്യവും അറിവുമുള്ള തൊഴിലാളി സമൂഹത്തെ വളർത്തിയെടുക്കുക.
- തൊഴിലാളികളുടെ സാംസ്കാരിക പുരോഗതിക്കുതകുന്ന കലാ-സാംസ്കാരികപരിപാടികൾ നടത്തുക.
- പ്രസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായി ലഘുലേഖകളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുക.
- തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി ഭവനനിർമ്മാണ പദ്ധതി, വിവാഹസഹായനിധി, മരണാവശ്യ സഹായനിധി തുടങ്ങിയ ക്ഷേമപദ്ധതികൾ ഉൾപ്പെടുത്തി തൊഴിലാളി ട്രസ്റ്റുകൾ, ചാരിറ്റബിൾ സൊസൈറ്റികൾ നടപ്പിലാക്കുക.
- തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ചെറുകിട വ്യവസായങ്ങൾ ആരംഭിച്ച് നടത്തുവാൻ പ്രോത്സാഹിപ്പിക്കുക. അതിനുവേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.
- തൊഴിലാളികളുടെ ഉന്നമനത്തിനും, അഭിവൃദ്ധിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സർക്കാർ, അർദ്ധ സർക്കാർ, സ്വയം - ഭരണസ്ഥാപനങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ, സർക്കാരേതര സന്നദ്ധസംഘടനകൾ എന്നിവിടങ്ങളിൽ നിന്നുള്ള സഹായവും സഹകരണവും നേടുന്നതിനായി പ്രവർത്തിക്കുക.
- സർക്കാരിന്റെ നേതൃത്വത്തിലുള്ള ക്ഷേമനിധികളുടെ ഗുണഭോക്താക്കളായി തൊഴിലാളികളെ മാറ്റുക.
- ഒരു ബഹുജനസംഘടന എന്നതിലുപരി തൊഴിലാളികളുടെ സർവ്വതോന്മുഖമായ വികസനത്തിന് സഹായിക്കുന്ന സംവിധാനമായി പ്രവർത്തിക്കുക.
- വിവിധ തൊഴിൽ വിഭാഗങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ (SHG) സ്ഥാപിച്ച് പ്രവർത്തിക്കുവാൻ ആവശ്യമായ സഹായം നൽകുക.
- ഇൻഷുറൻസ്, പെൻഷൻ തുടങ്ങി തൊഴിലാളികളുടെ സാമ്പത്തിക ഭദ്രതയ്ക്ക് സഹായിക്കുന്ന പരിപാടികൾ നടപ്പിലാക്കുക.
- keralalabour.org യുടെ പ്രവർത്തനങ്ങൾ വിപുലമാക്കി എല്ലായിടത്തും വ്യാപിപ്പിക്കാൻ കഴിയുകയും വിപുലമായ ശൃംഖല രൂപപ്പെടുത്തുകയും ചെയ്യുക.
- തൊഴിൽ അന്വേഷകരുടെ തൊഴിൽ ക്ഷമത ഉയർത്തുന്നതിനുള്ള പരിശീലനം സാദ്ധ്യമാക്കുക.
- തൊഴിലാളികളുടെയും, തൊഴിൽ അന്വേഷകരുടെയും നിപു

ണതയും കഴിവും വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും തുടർച്ചയായ പരിശീലനപരിപാടികൾ നടപ്പിലാക്കുക.

- അദ്ധ്വാനത്തിന്റെ ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്ക്കാരം വ്യാപിപ്പിക്കുക.
- രാഷ്ട്രം കൈവരിക്കുന്ന വികസനസദ്ഫലങ്ങളുടെ ആനുപാതിക പങ്ക് കരസ്ഥമാക്കുന്നതിന് തൊഴിലാളികളെ ശക്തീകരിക്കുകയും പ്രാപ്തീകരിക്കുകയും ചെയ്യുക. സമകാലീക സാമൂഹിക സാമ്പത്തീക സാഹചര്യങ്ങൾ തൊഴിലാളികൾക്കു മുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ തൊഴിലാളികളെ പ്രാപ്തരാക്കുക. കമ്പോളത്തിന്റെ ചതിക്കുഴികളെ തിരിച്ചറിയുകയും, ജീവിതഗുണത്തിനും പുരോഗതിക്കും സഹായകരമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് തൊഴിലാളികളെ സജ്ജരാക്കുക.
- തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും അവരെ സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുകയും ചെയുക.

## സംഘാടനത്തിന്റെ മാതൃകകൾ

ഓരോ രൂപതയുടെയും പരിതസ്ഥിതിക്കും തൊഴിൽ സാഹചര്യങ്ങൾക്കനുസൃതമായും വ്യത്യസ്ത മാതൃകകളിൽ കെ.എൽ.എം. ന്റെ രൂപതാ ഘടകങ്ങൾക്ക് രൂപം നൽകാവുന്നതാണ്. ഓരോ രൂപതയിലെയും നിലവിലുള്ള തൊഴിലാളി പ്രവർത്തന സംവിധാനങ്ങളിലൂടെയാണ് കെ.എൽ.എം. പ്രവർത്തിക്കേണ്ടത്. സമാന്തര പ്രവർത്തനം ഉചിതമല്ല. രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതാണ് അഭികാമ്യം. വിവിധ രൂപതകളിൽ വിജയം കണ്ടെത്തിയ മാതൃകകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**1.** പുതിയ വികസനതന്ത്രമായി അവതരിപ്പിക്കപ്പെടുന്ന സ്വയം സഹായസംഘത്തിന്റെ (SHG) മാതൃകയിൽ തൊഴിലാളി സംഘങ്ങൾ രൂപപ്പെടുത്തുകയാണ് ആദ്യത്തെ മാതൃക. ഓരോ തൊഴിൽ വിഭാഗത്തിനും വേണ്ടി പരമാവധി 20 പേരടങ്ങുന്ന SHG കൾക്ക് രൂപം കൊടുക്കാം. ഓരോ ഇടവകയിലെയും വിവിധ തൊഴിലാളി SHG കളുടെ ഫെഡറേഷനായി ഇടവക യൂണിറ്റിനെ മാറ്റണം. ഈ സംഘങ്ങളുടെ കേന്ദ്രീകൃത ഏകോപനസംവിധാനമായി കെ.എൽ.എം. രൂപതാ ഘടകത്തിനു പ്രവർത്തിക്കാം. സമകാലീക ആഗോളീകരണ കാലഘട്ടത്തിൽ ഏറ്റവും പ്രസക്തമായ പ്രവർത്തനരീതി SHG കളിലൂടെയുള്ളതാണ്. സ്വയം സഹായ സംഘങ്ങളിലൂടെ തൊഴിലാളികളുടെ സാമ്പത്തിക - സംഘാടന ശേഷി വർദ്ധിപ്പിക്കുന്നതോടപ്പം സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക- ധാർമ്മിക അവബോധം ശക്തമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. മിക്കവാറും എല്ലാ രൂപതകളിലും സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ തൊഴിലാളി SHG കൾക്ക് നേതൃത്വം നൽകുന്നുണ്ട്. ഈ സംഘങ്ങളെ സംയോജിപ്പിച്ചു പ്രവർത്തിപ്പിക്കണം.

**2.** രൂപതയിലെ പ്രത്യേക തൊഴിൽ വിഭാഗങ്ങളെ കണ്ടെത്തുകയും അവർക്കുവേണ്ടി പ്രത്യേക യൂണിറ്റുകൾ രൂപീകരിക്കുകയുമാണ് മറ്റൊരു മാതൃക. ഉദാഹരണത്തിന്, കെട്ടിടനിർമ്മാണ തൊഴിലാളികൾ,

മത്സ്യതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നിങ്ങനെ വ്യത്യസ്ത തൊഴിൽ വിഭാഗങ്ങളുടെ കൂട്ടായ്മകൾ രൂപപ്പെടുത്താം. ഓരോ വിഭാഗത്തിന്റെയും ക്ഷേമത്തിനും, പൊതുവികസനത്തിനും സഹായകമായ പദ്ധതികൾ കേന്ദ്രീകൃതമായി സംഘടിപ്പിക്കുകയും, യൂണിറ്റുകളിലൂടെ നടപ്പിലാക്കുകയും ചെയ്യുക.

**3.** പരമ്പരാഗത രീതിയിലുള്ള സംഘാടക രീതിയാണ് അടുത്ത മാതൃക. രൂപതാ ഘടകത്തിന്റെ ഇടവകയൂണിറ്റുകളും, ആവശ്യമെങ്കിൽ സ്ഥാപനങ്ങളിലും യൂണിറ്റുകൾ രൂപീകരിക്കാവുന്നതാണ്. പ്രവർത്തന മേൽനോട്ടത്തിന് ഫൊറോന/മേഖല ഘടകങ്ങൾ സഹായകരമാകും. ഓരോ യൂണിറ്റിനും, യുക്തമെന്നു തോന്നുന്ന ക്ഷേമ/വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാം. കേന്ദ്രീകൃത പരിപാടികൾ രൂപതാ ഘടകങ്ങൾ, സംഘടിപ്പിക്കുന്നു. ഇടവക-മേഖല-രൂപതാ നിർവ്വാഹക സമിതികളും ഉണ്ടാവും. SHG കളുടെ തുടർച്ചയായി തൊഴിലാളി ഫോറങ്ങൾ രൂപീകരിക്കാം. SHG കളുടെ ഇടവക ഫെഡറേഷനായിരിക്കും കെ.എൽ.എം. യൂണിറ്റ്.

- എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കണം.
- എല്ലാ തൊഴിലാളികളെയും മെഡിക്കൽ ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, ജെ.ബി.വൈ. തുടങ്ങിയ പ്രത്യേക ഇൻഷുറൻസ് എന്നിവയിൽ അംഗങ്ങൾ ആക്കണം.
- എല്ലാ തൊഴിലാളികളെയും സർക്കാർ ക്ഷേമനിധികളിൽ അംഗങ്ങളാക്കണം. കെ.എൽ.എം. ന്റെ ക്ഷേമ പദ്ധതി പുസ്തകം എല്ലാ യൂണിറ്റുകളിലും എത്തിക്കണം.
- എല്ലാ യൂണിറ്റുകളിലും തൊഴിലാളി നേതൃത്വത്തെ വളർത്തിയെടുക്കണം.
- എല്ലാ രൂപതാ തലത്തിലും തൊഴിലാളി നേതൃത്വത്തെ രൂപീകരിക്കണം.
- കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനവും ശാക്തീകരണവും ലക്ഷ്യം വച്ചാണ് പ്രവർത്തിക്കുന്നത്. (വാർദ്ധക്യത്തിലും അനാരോഗ്യത്തിലും യാതൊരു സാമൂഹ്യ പരിരക്ഷയും സർക്കാരിൽ നിന്നും ലഭിക്കാത്ത തൊഴിലാളികളാണ് അസംഘടിത തൊഴിലാളികൾ).

ഈ കാലഘട്ടത്തിൽ വാർദ്ധക്യ പെൻഷൻ അവകാശമല്ല; ഔദാര്യമാണെന്നാണ് സർക്കാർ നിലപാട്. വാർദ്ധക്യ പെൻഷൻ കിട്ടണമെങ്കിൽ വേണ്ട മാനദണ്ഡങ്ങൾ കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കാറുണ്ട്.

1. വാർഷിക വരുമാനം 1 ലക്ഷത്തിൽ കൂടുവാൻ പാടില്ല.
2. വീട് 1000 സ്ക്വയർ ഫീറ്റിൽ കൂടുവാൻ പാടില്ല.
3. ഫോർവീലർ ഉണ്ടാകാൻ പാടില്ല.
4. AC ഉണ്ടാകാൻ പാടില്ല.

ഇങ്ങനെയുള്ള മാനദണ്ഡങ്ങൾ ഒഴിവാക്കി പെൻഷനും ആനുകൂല്യങ്ങളും ലഭിക്കാൻ തൊഴിലിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു ക്ഷേമനിധിയിൽ അംഗത്വം എടുത്താൽ മതിയാകും. കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന 8 ട്രേഡ് യൂണിയനുകൾ ഉണ്ട്.

**1. നിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (SNTU)**

**2. ഗാർഹിക തൊഴിലാളികൾക്ക് വേണ്ടി കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ഫോറം (KDWF)**

**3. തയ്യൽ തൊഴിലാളികൾക്കുവേണ്ടികേരള ടൈലറിംഗ് വർക്കേഴ്സ് ഫോറം ( KTWF)**

**4. തോട്ടം തൊഴിലാളികൾക്കുവേണ്ടി കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF)**

**5. മത്സ്യതൊഴിലാളികൾക്കുവേണ്ടി കേരള മത്സ്യതൊഴിലാളി ഫോറം (KMTF)**

**6. കർഷകതൊഴിലാളികൾക്കു വേണ്ടി കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ഫോറം (KAWF)**

**7. പീടിക തൊഴിലാളികൾക്കുവേണ്ടി കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ഫോറം (KSEWF)**

**8. മോട്ടോർ തൊഴിലാളികൾക്കുവേണ്ടി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫോറം (KMTWF)**

**കൂടാതെ വനിതാ തൊഴിലാളികളുടെ ശാക്തീകരണത്തിനും പ്രാപ്തീകരണത്തിനുമായി വനിതാ ഫോറവും സംസ്ഥാന തലത്തിലും രൂപതാ തലങ്ങളിലും പ്രവർത്തിക്കുന്നു.**

## തൊഴിൽ - സഭാ ദർശനം

- ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ് തൊഴിൽ.
- എല്ലാ തൊഴിലിന്റെയും അന്തസ്സ് നിലനിറുത്തണം.
- തൊഴിൽ ദൈവദത്തമായ കടമയാണ്.
- തൊഴിൽ ദൈവാരാധനയാണ് . സമർപ്പണത്തോടെ പ്രവർത്തിക്കണം.
- ഏതുതൊഴിലിനും ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ മാനങ്ങൾ ഉണ്ട്.
- തൊഴിലാളികൾക്ക് മൂലധനത്തിൽ ഷെയർ നൽകണം.
- തൊഴിലാളിയെ തൊഴിലിനുള്ള ഉപകരണം മാത്രമായി കാണരുത്.
- തൊഴിലാളികൾക്ക് സംഘടിക്കാനും, നീതിയ്ക്കുവേണ്ടി സമ്മർദ്ദം ചെലുത്താനും അവകാശമുണ്ട്.
- എല്ലാ തൊഴിലാളികൾക്കും നീതിനിഷ്ഠമായ വേതനത്തിന് അവകാശമുണ്ട്.
- തൊഴിലാളികളുടെ സമഗ്രവളർച്ചയ്ക്ക് വേണ്ടി തൊഴിലാളികൾക്കൊപ്പം പ്രവർത്തിക്കാൻ തൊഴിലുടമയ്ക്കും, രാഷ്ട്രത്തിനും, സഭയ്ക്കും കടമയുണ്ട്.

# KLM STATE EXECUTIVE COMMITTEE

| Sl. No. | Name | Designation | Diocese | Phone No. |
|---|---|---|---|---|
| 1. | Bishop Selvistor Ponnumuthan | KCBC Labour Commission Chairman | Punalur | |
| 2. | Bishop Jose Porunnedam | KCBC Labour Commission Vice Chairman | Mananthavadi | |
| 3. | Bishop George MadathiKandathil | KCBC Labour Commission Vice Chairman | Kothamangalam | |
| 4. | Fr. Arun Valiyathazhath | Director | Kothamangalam | 9447723222 |
| 5. | Jose Mathew Ukken | President | Irinjalakuda | 9995634888 |
| 6. | Dixon Maneek | Gen.Secretary | Kochi | 9961854005 |
| 7. | Thomas Mathew | Treasurer | Kothamangalam | 9495375252 |
| 8. | Shine C. | Vice President | TVM - Malankara | 9061427102 |
| 9. | Biju Paul | Vice President | Mananthavadi | 9961968689 |
| 10. | Beena D.J | Secretary | TVM - Latin | 9526190350 |
| 11. | Joseph K.J. | Secretary | Vijayapuram | 9946049514 |
| 12. | Antony Palimattam | Secretary | EKM - Angamaly | 9388936500 |
| 13. | Biju Chirayath | Secretary | Thrissur | 9895237386 |

# KLM STATE EXECUTIVE COMMITTEE

| Sl. No. | Name | Designation | Diocese | Phone No. |
|---|---|---|---|---|
| 14. | Peter Kolakkad | Secretary | Kannur | 8086853100 |
| 15. | Joseph Jude | Asst. Director | Varappuzha | 9847237771 |
| 16. | Fr. Prasad Kandathiparambil | Ex.Officio | Kochi | 9400247630 |
| 17. | Babu Thannikkott | Ex.Officio | Varappuzha | 9947191300 |
| 18. | Joy Gothuruth | Spl. Invitee | Kottapuram | 9495505930 |
| 19. | Sebastian Palamparambil | Spl. Invitee | Mananthavadi | 8848458203 |
| 20. | Shaju Antony | Spl. Invitee | Thrissur | 9447084174 |
| 21. | Betsy Blaze | President Vanitha Forum | Kochi | 9895361422 |
| 22. | Rosamma | Secretary Vanitha Forum | Changanassery | 9847766134 |
| 23. | Thomas Kurisinkal | President SNTU | Kochi | 8281382212 |
| 24. | Fr. Joseph Chambakulathil | President KAWF | Changanassery | 9562734320 |
| 25. | Anjaly Cyrus | President KDWF | Kottapuram | 9846126742 |
| 26. | Joshy Kumbukkal | President KCTTF | Thamarassery | 9961654417 |
| 27. | Sr. Leena | State Co -ordinator | | 9400059890 |